പട്ടികജാതി-പിന്നാക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ) ഉണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന വീടുകളുടെ നിർമ്മാണ പുരോഗതി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എല്ലാ മാസത്തിലും വിലയിരുത്തിവരുന്നു. ജില്ലാ തലത്തിൽ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ബ്ലോക്ക്/നഗരസഭ പട്ടികജാതി വികസന ഓഫീസർ മാരുടെ പ്രതിമാസ മീറ്റിംഗിൽ പദ്ധതിയുടെ പുരോഗതി കൃത്യമായി അവലോകനം നടത്തി യഥാസമയം നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

സംസ്ഥാനതലത്തിൽ പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ, ജില്ലാ - പട്ടികജാതി വികസന ആഫീസർമാരുടെ പ്രതിമാസ മീറ്റിംഗിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതി അവലോകനം നടത്തുന്നുണ്ട്.

(ബി) ഭവന നിർമ്മാണ സാമഗ്രികളുടെ വിലയിൽ ഉണ്ടായ വർദ്ധനവ്, തൊഴിൽ കൂലിയിൽ ഉള്ള വർദ്ധനവ്, സാധനങ്ങൾ പണിസ്ഥലത്ത് എത്തിക്കു വാനുള്ള കയറ്റിറക്ക്കൂലി, ഗുണഭോക്താക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ, നിർമ്മാണ സാമഗ്രികളുടെ (പാറ, മെറ്റൽ, മണൽ) ഭൗർലഭ്യം എന്നിവ കാരണ മാണ് വീടുകളുടെ പണി പൂർത്തീകരിക്കുവാൻ സാധിക്കാത്തത്.

(സി) 2007-08 മുതൽ 2013-14 വരെയുള്ള കാലയളവിൽ ഭവനനിർമ്മാണ ധനസഹായം അനുവദിച്ചവരിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്ത ഗുണഭോക്താ ക്കൾക്ക് അവരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ടി അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിൽ അനുവദിക്കുന്നതിന് 4-8-2014-ൽ അനുമതി നൽകിയിട്ടുണ്ട്.

ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം

6 (*66) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.ടി.ഐ.-കളിൽ വെർച്വൽ ക്ലാസ്സ് റൂം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെർച്വൽ ക്ലാസ്സ് റൂമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വെർച്വൽ ക്ലാസ്സ് റൂമിൽ എന്തെല്ലാം ആധുനിക സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് ഇവ നടപ്പിലാക്കുന്നത്; വിശദമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 സർക്കാർ ഐ.ടി.ഐ. കളിൽ വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വിവര സാങ്കേതികവിദ്യയിലൂന്നിയ ഇലക്ട്രോണിക്സ് പഠന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഒരു വിദഗ്ദ്ധ പരിശീലകന്റെ സഹായത്തോടെ ഒരു വർക്ക്ഷോപ്പിലോ ഒരു ക്ലാസ്സ് മുറിയിലോ നൽകുന്ന പരിശീലനം വിവര സാങ്കേതിക ശൃംഖല മുഖേന സംസ്ഥാനത്തിലെ വിദൂര സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ ഐ.ടി.ഐ.-കളിൽ ഒരേ സമയം ഫലപ്രദമായി ഉപയുക്തമാക്കാൻ ഈ പദ്ധതിക്ക് സാധിക്കുന്നു. ഇതിനോടൊപ്പം ഇന്ത്യയിലും വിദേശത്തും നടക്കുന്ന പരിശീലന പരിപാടികൾ വിദ്യാർത്ഥികൾക്ക് തൽസമയം തന്നെ ലഭ്യമാക്കുന്നതിനും ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടും. കൂടാതെ പരിശീലകന്റെ അഭാവംമൂലം പരിശീലനം തടസ്സപ്പെടുന്ന സാഹചര്യം ഒരു പരിധിവരെ ഒഴിവാക്കാനും സാധിക്കും.

(സി) ഇതിനായി ഉപയോഗിക്കുന്നത് കമ്പ്യൂട്ടർ, സിമടിക് ഇന്റർനെറ്റ് കണക്ഷൻ, എൽ.സി.ഡി. പ്രൊജക്ടർ, ക്യാമറ, മൈക്ക് എന്നീ ഉപകരണങ്ങൾ ആണ്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) മുഖേനയാണ് വെർച്വൽ ക്ലാസ്സ് റൂം പദ്ധതി നടപ്പിലാക്കുന്നത്.

അത്യാവശ്യ മരുന്നുകളുടെ അഭാവം

7 (*67) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിൽ അത്യാവശ്യ സന്ദർഭങ്ങളിൽ നൽകാനുള്ള മരുന്നുകൾപോലും ലഭ്യമല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly